മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

1173 ചിങ്ങം 21 ശനിയാഴ്ച
ശകാബ്ദം 1919 ഭാദ്രം 15 — 1418 ജ: ഉൽ അവ്വൽ 4

> യഥാർഥ മഹത്വമുള്ളവർക്ക് നൽകാനുള്ള സന്ദേശം ഒരു പ്രത്യേക രാജ്യത്തിന്റെ അതിർത്തിയിലൊതുങ്ങുന്നതല്ല; സമസ്ത ലോകങ്ങൾക്കുമുള്ളതാണ്. —നെഹ്റു

മദർ തെരേസ

പ്രേമം, മൈത്രി, കരുണ മുതലായ വാക്കുകൾക്ക് ഇപ്പോഴും അർഥം നഷ്ടപ്പെട്ടിട്ടില്ലെന്ന് സമകാല ലോകത്തെ ബോധ്യപ്പെടുത്തിയതാണ് മദർ തെരേസയുടെ സേവനം. 105 രാജ്യങ്ങളിലായി 671 സ്ഥാപനങ്ങളിലൂടെ മനുഷ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അവശർക്ക് ആലംബവും ആതുരർക്ക് സേവനവും നൽകിപ്പോന്ന മദർ തെരേസ ഇന്ത്യയെ തന്റെ മാതൃഭൂമിയായി തിരഞ്ഞെടുത്തു എന്നത് നമ്മുടെ ഭാഗ്യമാണ്.

1910 ആഗസ്റ്റിൽ അൽബേനിയയിൽ ജനിച്ച ആഗ്നസ് എന്ന ബാലികയ്ക്ക് പതിനെട്ടു വയസ്സു തികയും മുമ്പുതന്നെ തന്റെ ജീവിതലക്ഷ്യം കണ്ടെത്താൻ കഴിഞ്ഞുവെന്നത് ദൈവനിയോഗമല്ലെങ്കിൽ അസാധാരണമായ ഒരാശ്ചര്യംതന്നെയാകുന്നു. കന്യാസ്ത്രീയായി തെരേസ എന്ന പേർ സ്വീകരിച്ച് 1928—ൽ ഇന്ത്യയിലെത്തിയ അവർ 1931—ൽ കൽക്കത്തയിൽ അധ്യാപികയായി സേവനം ആരംഭിച്ചു. എന്നാൽ അധ്യാപനമല്ല, ദീനശുശ്രൂഷണമാണ് തന്റെ യഥാർഥ കർമരംഗമെന്ന് 1946—ൽ മദർ തെരേസയ്ക്ക് വെളിപാടുണ്ടായി. സ്വയം വൈദ്യപരിശീലനം നേടിയ മദർ, വിപുലമായ സേവനരംഗത്ത് പ്രവർത്തിക്കുന്നതിനായി താൻ അംഗമായ സഭ വിട്ട് 50—ൽ ''മിഷനറീസ് ഓഫ് ചാരിറ്റി'' എന്ന പുതിയ സഭ രൂപീകരിച്ചു.

മദർ തെരേസയുടെ അപദാനങ്ങൾ ഇവിടെ വിവരിക്കുന്നില്ല. കൽക്കത്തയെന്ന മഹാനഗരത്തിലെ ഹൃദയശൂന്യങ്ങളായ തെരുവുകളിൽ വീണ് മരണമടയുന്ന പേരില്ലാത്ത നിരവധി ജനങ്ങൾക്ക് അന്ത്യനിമിഷങ്ങളിൽ ആശ്വാസം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അവരുടെ സേവനം എങ്ങനെ ലോകവ്യാപകമായി വളർന്നു എന്ന കഥ നമ്മുടെ കാലഘട്ടത്തിലെ അത്ഭുതേതിഹാസമാകുന്നു. 1979—ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകി ലോകജനത ഈ അദ്വിതീയമായ ഇതിഹാസത്തെ ആദരിച്ചു.

സേവനത്തിനുള്ള തൽപരതയും പൂർണമായ നിസ്വാർഥതയും സുദൃഢമായ ഇച്ഛാശക്തിയുമുണ്ടെങ്കിൽ, ഒരു പാവപ്പെട്ട സ്ത്രീക്കുപോലും ഇവിടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നതിന് മദർ തെരേസയുടെ ജീവിതം നമുക്ക് ഉറപ്പുതരുന്നു. സന്ദർശകർക്ക് അവർ നൽകാറുള്ള സന്ദേശം മനുഷ്യവർഗത്തിന് എന്നും ആവേശകരമായിരിക്കും. ഇതാണ് ആ സന്ദേശം:

പ്രാർഥനയത്രേ മനനത്തിൻ ഫലം
പ്രാർഥനതൻ ഫലം വിശ്വാസമത്രേ
പ്രേമമത്രേ വിശ്വാസത്തിൻ ഫലം
പ്രേമത്തിൻ ഫലം സേവനമത്രേ
സേവനത്തിൻ ഫലം ശാന്തിയത്രേ

ഈ ദൈവദാസിയുടെ മുമ്പിൽ നമുക്ക് അന്തിമ നമോവാകം അർപ്പിക്കുക.

ദൈവത്തിന്റെ കൈയും പിടിച്ച് അശരണർക്കിടയിലൂടെ.....

അശരണരുടേയും രോഗാതുരരുടേയും ഇടയിലൂടെ ദൈവത്തിന്റെ കൈയും പിടിച്ചാണ് അമ്മ നടന്നത്. എങ്ങനെ ഇതൊക്കെ സാധിക്കുന്നുവെന്ന് ആരെങ്കിലും ചോദിച്ചാലും അവരുടെ മറുപടി അതുതന്നെയായിരിക്കും. ഇതൊന്നും ചെയ്യുന്നത് ഞാനല്ലല്ലോ. അദ്ദേഹമല്ലേ? ഇത്രയധികം സ്ഥാപനങ്ങൾ ഒരാൾക്ക് എങ്ങനെയാണ് കൊണ്ടുനടത്താൻ കഴിയുക? ഈ ലോകമെന്ന മഹാസ്ഥാപനത്തെ കൊണ്ടുനടത്തുന്ന ദൈവമാണ് അമ്മയുടെ കൂടെ. പിന്നെന്തിന് ഭയക്കുന്നു. അഗതികളുടെ മനസ്സിൽ സ്നേഹത്തിന്റെ ദീപം കൊളുത്തിവെയ്ക്കാനാണ് ദൈവം അവരോട് ആജ്ഞാപിച്ചത്. തിരിയിൽനിന്ന് കൊളുത്തിയ തിരിയായി എത്രയെത്ര അനാഥരുടെ മനസ്സിൽ ആ സ്നേഹത്തിന്റെ ദീപം നിറഞ്ഞുകത്തിനിന്നു.

കൽക്കത്തയിൽനിന്ന് ഡാർജിലിങ്ങിലേക്കുള്ള തീവണ്ടിയാത്രക്കിടക്കുവെച്ച് എപ്പോഴോ ആണ് മദർ തെരേസ ആ ആജ്ഞ ആദ്യം കേട്ടത്. വളരെ വ്യക്തമായിരുന്നു. തന്റെ ചെവിയോരത്തിരുന്ന് ആരോ ശക്തിയായി നിർബന്ധിക്കുന്ന ഭാഷയിൽ പറയുന്നു. അല്ല, ആജ്ഞാപിക്കുന്നു. കോൺവെന്റല്ല നിന്റെ ലോകം. നിന്റെ ലോകം ഈ ദരിദ്രരുടെ കൂടെയാണ്. അവിടേക്ക് ഇറങ്ങിച്ചെല്ലൂ. അവരുടെ കൂടെനിന്ന് അവരെ സഹായിക്കൂ. ആർക്കും ആരുമല്ലാതാകുക എന്ന മഹാരോഗത്തിൽനിന്ന് അവരെ മോചിപ്പിക്കൂ.

അവിടെനിന്നു തുടങ്ങിയ യാത്രയിൽ അവരുടെ കൂടെ എന്നും ദൈവമുണ്ടായിരുന്നു. ഇതാ, ഈ പാവപ്പെട്ടവർ തന്നെയാണ് നമ്മുടെ ദൈവം. ഇവരെ സഹായിക്കലാണ് ഈ ജന്മത്തിന്റെ കർത്തവ്യം. അമ്മ പ്രാർഥനയോടെ പറഞ്ഞു.

സമാധാനവും സ്നേഹവുമാണ് മഹത്തായ സേവനം—അമ്മ പറഞ്ഞു. ലോകത്തെമ്പാടും പടർന്നുകിടക്കുന്ന സേവനസന്നദ്ധ സംഘത്തിന്റെ ശംഖവും അതുതന്നെ. ദൈവം മനുഷ്യനു തന്ന സമ്മാനങ്ങൾ സ്നേഹത്തിന്റെ പേരിൽ അന്യർക്കു വീതിക്കാതെ ദാരിദ്ര്യത്തിന് അന്തമില്ല. സ്നേഹത്തിലൂടെയും പരസ്പരസഹകരണത്തിലൂടെയും മാത്രമേ ഇതാവൂ. യേശുവിന്റെ സന്ദേശവും ഇതായിരുന്നുവല്ലോ.

യാത്രകളൊന്നും അന്നെ മുൻകൂട്ടി തീരുമാനിക്കാറില്ലായിരുന്നു. അമ്മ. അപ്പോഴപ്പോഴത്തെ ആവശ്യത്തിനനുസരിച്ച് യാത്ര ചെയ്യും. എവിടെ അശരണർ അവരെ വിളിക്കുന്നുവോ, അവർ അവിടെ എത്തുന്നു. എവിടേക്ക് അദ്ദേഹം അവരെ നയിക്കുന്നുവോ, അവിടെ അമ്മ എത്തുന്നു. യൂറോപ്പിൽനിന്ന് എത്തിയോപ്പിയയിലേക്ക്. അവിടെനിന്ന് സുഡാനിലേക്ക്. ഫിലിപ്പീൻസിലേക്ക്. ലോസ് ഏഞ്ചൽസിലേക്ക്. കാനഡയിലേക്ക്. ന്യൂയോർക്കിലേക്ക്. കൽക്കത്തയിലേക്ക്! സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സേവനത്തിന്റെയും സന്ദേശവുമായി ഇടതടവില്ലാത്ത യാത്ര! എഴുപതു രാജ്യങ്ങളിലായി പടർന്നുകിടക്കുന്ന മുപ്പതു ലക്ഷം സ്നേഹസന്ദേശവാഹകരുടെ നേതാവായ മദർ തെരേസ.

കൽക്കത്തയിലെ 'നിർമൽഹൃദയ്'ലിന്റെ കോലായിൽ നിലത്ത്, ചുമരും ചാരിയിരുന്ന്, ഒരു മന്ത്രമോതുന്ന സ്വരത്തിൽ അമ്മ ഉരുവിടും. ''സേവനം ചെയ്യുമ്പോൾ നിങ്ങളുടെ ഹൃദയം രോമാഞ്ചമണിയും. ഈ രോമാഞ്ചമല്ലേ ഈശ്വരദർശനം!''

ആസ്പത്രി വരാന്തയിലും ചവറ്റുവീപ്പകളിലും നടപ്പാതകളിലും ഉപേക്ഷിക്കപ്പെട്ടു പോകുന്ന കുഞ്ഞുങ്ങളുടെ അമ്മമാർക്ക് തന്റെ മാംസത്തിന്റെ മാംസമായ കുഞ്ഞുങ്ങളെ പൊന്നുപോലെ വളർത്താൻ ആശയില്ലാഞ്ഞിട്ടല്ല. അമ്മ വിശ്വസിക്കുന്നു. പരിപൂർണമായി വിശ്വസിക്കുന്നു. അവരുടെ ദാരിദ്ര്യം അവരെ അതിന് സമ്മതിക്കാഞ്ഞിട്ടാണ്. ഓരോ കുഞ്ഞും ദൈവത്തിന്റെ ഒരു സന്ദേശമാണെന്ന് അമ്മ വിശ്വസിച്ചു. ദൈവത്തിന്റെ മഹത്തായ സന്ദേശം. ലോകനന്മയ്ക്കുവേണ്ടി അനേകം കർമങ്ങൾ ചെയ്യാനുള്ള ദൈവത്തിന്റെ പ്രതിനിധി. ഓടകളിൽനിന്നും കുറ്റിക്കാടുകളിൽനിന്നും അവരെ എടുത്ത് ഓമനിച്ചു വളർത്തി ദത്തെടുക്കാൻ തയ്യാറുള്ളവരുടെ കൈയിലെത്തിക്കാനുള്ള ശ്രമം ദൈവികാനുഷ്ഠാനത്തിന്റെ പിന്തുടർച്ചയല്ലാതെ മറ്റെന്താണ്?

ദാനം മനസ്സിലാണ് ആദ്യം നടത്തുക. അത് സ്നേഹത്തിൽ നിന്നല്ലാതെ എവിടെനിന്നും ഉത്ഭവിക്കുന്നില്ല. ലോകത്തിന്റെ മുക്കിലും മൂലയിലും നടന്ന് അമ്മ ജനങ്ങളോട് തൊഴുതുപറഞ്ഞു. ഹൃദയം സ്നേഹിക്കാനുള്ളതും കൈകൾ സഹായിക്കാനുള്ളതുമാണ്. അതിന് പ്രത്യേക പരിശീലനമൊന്നും ആവശ്യമില്ല. ദൈവത്തിന്റെ സ്നേഹസന്ദേശം ശ്രദ്ധിക്കുക മാത്രമേ വേണ്ടൂ.

ടിറ്റാഗറിലെ കുഷ്ഠരോഗ കേന്ദ്രത്തിലൂടെ നടക്കുമ്പോൾ അമ്മയുടെ ഹൃദയം വിങ്ങും. ഒരു രോഗത്തിന്റെ പേരിൽ സമൂഹം തട്ടിത്തെറിപ്പിച്ച ജീവിതങ്ങൾക്ക് നടുവിലൂടെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രാർഥനകൾ ആലപിച്ചു നടക്കുമ്പോൾ സർവജനങ്ങളും തന്റെ കുഞ്ഞുങ്ങളാണെന്ന് വിശ്വസിക്കുന്ന അവരുടെ മനസ്സ് നിറഞ്ഞൊഴുകും. സ്നേഹത്തിന് പകരം വെയ്ക്കാൻ സ്നേഹം മാത്രമല്ലേയുള്ളൂ.

1979ൽ സമാധാനത്തിന്റെ ഈ റാണിയെത്തേടി നോബൽ സമ്മാനം എത്തി. അവർ പറഞ്ഞു. അല്ല, ഞാനല്ല. അദ്ദേഹമാണ്. അദ്ദേഹത്തിന്റെ ആജ്ഞ ഞാനനുസരിക്കുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹത്തിനുവേണ്ടി പ്രാർഥിക്കുന്നു.

ജീവിതത്തിലുടനീളം പാഠപുസ്തകങ്ങളിലൂടെയും സാഹിത്യ കൃതികളിലൂടെയും പഠിപ്പിക്കാൻ ശ്രമിക്കപ്പെട്ട പാഠങ്ങൾ കർമത്തിലൂടെ പഠിപ്പിച്ചു അമ്മ. സ്നേഹത്തിന്റെ പാഠങ്ങൾ. ഈശ്വരവിശ്വാസത്തിന്റെ പാഠങ്ങൾ. ജീവകാരുണ്യത്തിന്റെ പാഠങ്ങൾ.

സ്നേഹം തളിരിടുമ്പോൾ ദാരിദ്ര്യം അസ്തമിക്കുന്നു. അമ്മ പഠിപ്പിച്ചു. സ്വന്തം കർമങ്ങളിലൂടെ; ആത്മാവിലേക്കിറങ്ങിച്ചെന്ന, നിഷ്കളങ്കമായ, സ്നേഹസമ്പന്നമായ കർമങ്ങളിലൂടെ.

വി.ജി.കെ.

'ഞങ്ങൾ സുഹൃത്തുക്കളായിരുന്നു. പക്ഷേ ഞങ്ങൾ ഒരിക്കലും രാഷ്ട്രീയം സംസാരിച്ചിട്ടില്ല'— മദർതെരേസ ഇന്ദിരാഗാന്ധിയോടൊപ്പം. നോബൽ സമ്മാനം നേടിയശേഷം ആദ്യമായി ദില്ലി സന്ദർശിച്ചപ്പോൾ

'ഇവരുടെ അനാഥത്വം ഇല്ലാതാക്കുകയെന്നതാണ് എന്റെ കർത്തവ്യം. —മദർ തെരേസ കുട്ടികളോടൊപ്പം

സേവന നിരതമായ ജീവിതം

''എനിക്ക് ഏറെ ആഗ്രഹങ്ങളൊന്നുമില്ല. തെരുവിൽ അഴുകിവീഴുന്ന കുഷ്ഠരോഗിക്ക് മനോഹരമായ മരണം നൽകാനായാൽ അത്രയുമായി.''—മരണത്തിലും മനോഹാരിത ദർശിച്ച അമ്മ ഒരിക്കൽ അഭിപ്രായപ്പെട്ടു.

ആർക്കും വേണ്ടാത്ത ജീവിതങ്ങൾ ഏല്പിച്ച ആഴത്തിലുള്ള മനോവ്യഥയാണ് യൂഗോസ്ലാവിയക്കാരിയായ ആഗ്നസിനെ മദർ തെരേസയാക്കിയത്. അശരണർക്ക് അത്താണിയായി, വഴിതെറ്റുന്നവർക്ക് വിളക്കു മാടമായി അവർ നിലകൊണ്ടു. പാവപ്പെട്ടവരെ സ്നേഹിക്കുന്നതിലൂടെ ദൈവത്തെ തൊട്ടറിയൂ എന്നാണ് മദർ ഉപദേശിച്ചിരുന്നത്. സ്വന്തം പ്രവൃത്തിയിലൂടെ ഈ ഉപദേശം അവർ സാർഥകമാക്കുകയും ചെയ്തു.

സ്നേഹത്തിന്റെ അമൃതവർഷമായി പാവങ്ങളിൽ നിന്ന് പാവങ്ങളിലേക്ക് ഒഴുകിയ മദർ തനിക്കും തന്റെ പ്രസ്ഥാനത്തിനുമെതിരെയുള്ള വിമർശനങ്ങളെ സമചിത്തതയോടെ മാത്രമേ എന്നും നേരിട്ടിട്ടുള്ളൂ. ഒരിക്കൽ അവർ പറഞ്ഞു— ''എന്റെ ജോലി കടലിലെ ഒരിറ്റു വെള്ളം പോലെ നിസ്സാരമാണ്. പക്ഷേ, ആ ഒരു തുള്ളി ഇല്ലാതായാൽ സമുദ്രത്തിൽ അതിന്റെ കുറവ് അനുഭവപ്പെടും.''

1910 ആഗസ്റ്റിൽ യൂഗോസ്ലാവിയയിൽ ജനിച്ച ആഗ്നസ് 18—ാം വയസ്സിലാണ് ഡബ്ലിനിലെ ലോറൻഷ്യോ മഠത്തിൽ ചേർന്നത്. 1928—ൽ സേവന പ്രവർത്തനങ്ങൾക്കായി അവർ ഡാർജിലിങ്ങിലെത്തി. 1931—ൽ കൽക്കത്തയിലെ ലോറൻഷ്യോ കോൺവെന്റ് സ്കൂളിൽ അധ്യാപികയായി ചേർന്നു; പിന്നീട് അവിടെ തന്നെ പ്രിൻസിപ്പാളായി.

ലോറൻഷ്യോവിൽ നിന്നുള്ള മറ്റൊരു വിദ്യാർഥിയായ സുഭാഷിണി ദാസുമായി ചേർന്നാണ് മദർ തെരേസ 'മിഷനറീസ് ഓഫ് ചാരിറ്റി' തുടങ്ങിയത്. 1950 ഒക്ടോബറിലായിരുന്നു ഔദ്യോഗികമായ ഉദ്ഘാടനം. ആതുരസേവന രംഗത്ത് തികച്ചും വ്യത്യസ്തതയുള്ള പ്രവർത്തനങ്ങൾ കാഴ്ചവെക്കുക എന്ന ഉദാത്തമായ ലക്ഷ്യമാണ് മനസ്സിലുണ്ടായിരുന്നത്. അന്ന് ചെറിയതോതിൽ അവർ തുടങ്ങിവെച്ച പ്രസ്ഥാനം ഇന്ന് എല്ലാ അർഥത്തിലും ലോകം മുഴുവൻ നിറഞ്ഞുനില്ക്കുന്ന ഒന്നായി വളർന്നിരിക്കുന്നു.

ലോകത്ത് മിഷനറി പ്രവർത്തനം പൊതുവെ മന്ദീഭവിച്ചിരിക്കുന്ന കാലത്ത് മദറിന്റെ മിഷനറി മാത്രം ഇത്രയും വളരാൻ എന്താണ് കാരണം? വ്യത്യസ്തമായ പ്രവർത്തന ശൈലി തന്നെ. ''ഞങ്ങളുടേത്, സംഘടനാ സ്വഭാവമില്ലാത്ത ഒരു സംഘടനയാണ്''—92—ലധികം രാജ്യങ്ങളിലെ ലക്ഷക്കണക്കിനു ജനങ്ങളെ കോർത്തിണക്കുന്ന സംഘടനയെക്കുറിച്ച് ഒരിക്കൽ മദർ പറഞ്ഞത് ഇങ്ങനെയാണ്.

1965 വരെ ഇന്ത്യയ്ക്കകത്ത് മിഷനറി പ്രവർത്തനം നടത്താൻ മാത്രമേ മദറിന് അനുവാദമുണ്ടായിരുന്നുള്ളൂ. ഇവിടെ മദറും സംഘവും നടത്തിയിരുന്ന സേവന പ്രവർത്തനങ്ങൾ ലോകജനത ശ്രദ്ധിച്ചു തുടങ്ങി എന്നറിഞ്ഞപ്പോഴാണ് മറ്റു രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ മദറിന് അനുവാദം നല്കിയത്. അങ്ങനെ വെനിസുലയിലെ ഖനി പ്രദേശമായ കൊകോറോട്ടിൽ അവർ പ്രവർത്തനം തുടങ്ങി. 1968—ൽ റോം, 1970—ൽ ലണ്ടൻ, 1971—ൽ വടക്കേ അമേരിക്ക..... പതുക്കെപ്പതുക്കെ മദറിന്റെ സേവനമേഖല ലോകമെമ്പാടും വ്യാപിക്കുകയായിരുന്നു.

സ്നേഹംകൊണ്ട് ലോകത്തെ മിക്കവാറും പ്രശ്നങ്ങളും പരിഹരിക്കാനാവുമെന്ന വിശ്വാസമാണ് മദർ തുടങ്ങിവെച്ച സന്നദ്ധ സേവക സംഘത്തെ നയിക്കുന്നത്. അവർ പാവങ്ങൾക്കിടയിൽ മാത്രമല്ല, കുറ്റവാളികൾക്കിടയിലും പ്രവർത്തിക്കുന്നു. ന്യൂയോർക്കിൽ നടത്തിയ പുനരധിവാസ പ്രവർത്തനങ്ങൾ ഇതിന് ഉത്തമോദാഹരണമാണ്.

1979—ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ഏറ്റുവാങ്ങിക്കൊണ്ട് മദർ പറഞ്ഞു: ''എന്റെ ദീർഘകാലത്തെ പ്രവർത്തനത്തിനിടയിൽ ഞാനൊരു സത്യം കണ്ടെത്തി. ഏറ്റവും മാരകമായ രോഗം ക്ഷയമോ കുഷ്ഠമോ അല്ല. അനാഥത്വമാണ്.''

ഈ തിരിച്ചറിവാണ്, ലോകം മുഴുവൻ അറിയപ്പെട്ടശേഷവും തന്റെ പ്രവർത്തനത്തിന്റെ കേന്ദ്രം ഇന്ത്യതന്നെയാവട്ടെ എന്ന് നിശ്ചയിക്കാൻ മദറിനെ പ്രേരിപ്പിച്ചത്.

എന്തുകൊണ്ടാണ് ഇന്ത്യൻ പൗരത്വം നേടിയത് എന്ന ചോദ്യത്തിന് വ്യക്തവും കൃത്യവുമായ മറുപടി മദറിനുണ്ടായിരുന്നു. പല വേദികളിലും അവർ അത് ആവർത്തിക്കുകയും ചെയ്യുമായിരുന്നു.

''ഇന്ത്യ മഹത്തായ രാജ്യമാണ്. ഇവിടെ സാമ്പത്തികമായേ ദാരിദ്ര്യമുള്ളൂ. കോടിക്കണക്കിനു വരുന്ന പാവപ്പെട്ട ഇന്ത്യക്കാരുടെ മനസ്സ് തീർത്തും സമ്പന്നമാണ്. അതുകൊണ്ടുതന്നെ ദൈവം ഈ പാവപ്പെട്ടവരോടൊപ്പം വസിക്കുന്നു. ദൈവത്തിന്റെ മക്കളോടൊപ്പം കഴിയാനുള്ള ആഗ്രഹമാണ് എന്നെ ഇന്ത്യക്കാരിയാക്കിയത്. എന്നെ ഞാനാക്കിയത് ഈ പാവപ്പെട്ട മനുഷ്യരാണ്. എന്റെ ജീവനും ആത്മാവും ഈ മനുഷ്യർക്കിടയിലാണ്. എനിക്ക് ഇവിടം വിട്ടുപോകാനാവില്ല.''

ഇന്ത്യയെ അത്രമേൽ സ്നേഹിച്ച മദർ ഇവിടത്തെ പട്ടിണിപ്പാവങ്ങളെക്കുറിച്ച് എന്നും ആശങ്കാകുലയായിരുന്നു. ഇന്ത്യയിലെ തീരാപ്പട്ടിണിക്ക് എന്താണ് കാരണം? എന്നാണിതവസാനിക്കുക? 'പാവങ്ങളുടെ അമ്മ'യെ അലട്ടിയിരുന്ന ചോദ്യങ്ങളാണിവ.

ഇന്ത്യയിലെ ദാരിദ്ര്യത്തിനു കാരണം ഇവിടത്തെ ജനങ്ങൾ സ്വത്ത് പങ്കുവെക്കാത്തതാണെന്ന് അവർ വിശ്വസിച്ചു. പടിഞ്ഞാറൻ രാജ്യങ്ങളിൽ അങ്ങനെയല്ല. അവിടെ സ്വത്ത് പങ്കിട്ടനുഭവിക്കാൻ ജനങ്ങൾ തയ്യാറാണ്. അതുകൊണ്ടുതന്നെ അസമത്വവും ദാരിദ്ര്യവും ഇല്ലാതാവുന്നു. പക്ഷേ, അവിടത്തുകാർ തീർത്തും വ്യത്യസ്തമായ മറ്റൊരു ദാരിദ്ര്യം അനുഭവിക്കുന്നുണ്ട് —സ്നേഹത്തിന്റെ ദാരിദ്ര്യം. ലണ്ടനിലും മറ്റും പാർക്കുകളിൽ ഒറ്റയ്ക്ക് ജീവിതം കഴിച്ചുകൂട്ടുന്ന മനുഷ്യരെയാണ് മദർ ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടിയത്. അവർ സ്നേഹശൂന്യമായ സമൂഹത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരാണ്. തനിക്കാരുമില്ലെന്ന തോന്നൽ അവരെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. അക്രമ വാസനയും മയക്കുമരുന്നിനോടുള്ള ആഭിമുഖ്യവും വർധിച്ചുവരുന്നതും 'സ്നേഹത്തിന്റെ ദാരിദ്ര്യം' മൂലമാണെന്ന് മദർ വിശ്വസിച്ചിരുന്നു.

ആ അർഥത്തിൽ ഇന്ത്യ മദർ തെരേസയ്ക്ക് സ്വർഗതുല്യം തന്നെയായിരുന്നു. ഇവിടത്തെ ദാരിദ്ര്യം തീർത്തും ഭൗതികമാണ്. പക്ഷേ, മറുനാടുകളിൽ സ്നേഹശൂന്യത സൃഷ്ടിക്കുന്ന വിടവാണ് യഥാർഥത്തിൽ ദാരിദ്ര്യമായി അനുഭവപ്പെടുന്നത്. ഇതൊക്കെയാണെങ്കിലും ഭാരതീയർക്കിടയിൽ പരസ്പര സ്നേഹം കുറയുന്നുവെന്ന പരാതി മദർ തെരേസ ആവർത്തിക്കുമായിരുന്നു. പക്ഷേ, അതിന് അവർ ആരെയും കുറ്റപ്പെടുത്തിയിരുന്നില്ല. ''ഒരു മതവും സഹോദരങ്ങളെ സ്നേഹിക്കരുതെന്ന് പഠിപ്പിക്കുന്നില്ലല്ലോ. അതിനാൽ സമൂഹത്തിൽ വളർന്നുവരുന്ന സ്നേഹശൂന്യതയ്ക്ക് ആരെയും പഴിപറയാനാവില്ല. എന്നാൽ അവനവൻ തന്നെയാണ് കുറ്റക്കാരൻ എന്ന തോന്നൽ എല്ലാവർക്കുമുണ്ടാവുകയും വേണം''—ഇതായിരുന്നു മദറിന്റെ നിലപാട്.

മിഷനറിമാർ മതപരിവർത്തനം നടത്താൻ വേണ്ടിയാണ് പണിയെടുക്കുന്നത് എന്ന ആരോപണം ഉയർന്നപ്പോൾ മദർ തന്റെ നിലപാട് വ്യക്തമാക്കി : ''അല്പം ഭക്ഷണത്തിനുവേണ്ടി ഒരാൾക്ക് മതം മാറേണ്ടിവരുന്നത് തികച്ചും പരിതാപകരമാണ്. ബലം പ്രയോഗിച്ചും സമ്മാനങ്ങൾ വാഗ്ദാനം ചെയ്തും മതം മാറ്റുക എന്നത് നാണക്കേടാണ്. സ്നേഹം കൊണ്ട് ഹൃദയത്തെ മാറ്റുക. അതാണ് ശരി.'' സ്വന്തം ജീവിത വീക്ഷണമെന്തെന്നുള്ള വെളിപ്പെടുത്തൽ കൂടിയാണ് ഈ വാക്കുകൾ.

വിശ്രമമില്ലാത്ത ജീവിതം ആരോഗ്യനില അപകടത്തിലാക്കിയെങ്കിലും മദർ ഒരിക്കലും അതേക്കുറിച്ച് വേവലാതിപ്പെട്ടിരുന്നില്ല. മരണത്തിൽ നിന്ന് ഒരു ശ്വാസം മാത്രം അകലെ നില്ക്കുമ്പോഴും അവർ പ്രസന്നവതിയായിരുന്നു. ''ഞാൻ മരണത്തോടു വളരെ അടുത്തായിരുന്നു. എന്നിട്ട് ഞാൻ ഭയപ്പെട്ടുവോ? ഇല്ല. മരണത്തെ സദാ പ്രതീക്ഷിക്കുന്നവളാണ് ഞാൻ. സ്വർഗത്തിലേക്കു പോവുക എന്നതിനേക്കാൾ ആനന്ദദായകവും അത്ഭുതകരവുമായി മറ്റെന്താണുള്ളത്? അതിലും സന്തോഷകരമായ മറ്റെന്തെങ്കിലും ഭാവനയിൽ കാണാൻ പോലും എനിക്കു കഴിയില്ല'' —1993—ൽ മരണത്തെ മുഖാമുഖം കണ്ട നാളുകളിലൊന്നിൽ മദർ പറഞ്ഞു.

ദാരിദ്ര്യത്തിന്റെയും കഷ്ടതകളുടെയും മൂലകാരണങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് മാറ്റം വരുത്താമെന്ന് മദർ ഒരിക്കലും വിശ്വസിച്ചിട്ടില്ല. ലോകത്തെ എല്ലാ പ്രശ്നങ്ങളുടേയും പരിഹാരം താനാണെന്ന് അവർ കരുതിയിട്ടുമില്ല. എല്ലാം ദൈവഹിതമാണ്. അതു മാത്രമേ നിറവേറ്റപ്പെടുന്നുള്ളൂ. താൻ അതിനുള്ള ഉപകരണം മാത്രം —ഇതായിരുന്നു മദറിന്റെ വിശ്വാസം.

മദറിന്റെ പ്രവർത്തനങ്ങളെ സ്വല്പം പരിഹാസത്തോടെ കണ്ടിരുന്ന ഒരാൾ ചോദിച്ചു: ''നിങ്ങൾ അവർക്ക് മീൻ നല്കുന്നു. പക്ഷേ, മീൻ പിടിക്കാൻ ചൂണ്ട നല്കാത്തതെന്തുകൊണ്ടാണ്?'' മദർ പറഞ്ഞു: ''നില്ക്കാൻ പോലും കഴിയാത്തവിധം അവശത അനുഭവിക്കുന്നവരെയാണ് ഞാൻ കണ്ടെത്തുന്നത്. ഞാനവരുടെ അവശത മാറ്റിത്തരാം. നിങ്ങൾ അവർക്ക് ചൂണ്ട നല്കിക്കോളൂ'' —സ്വന്തം പരിമിതികൾ എന്തൊക്കെയെന്ന് അറിഞ്ഞുകൊണ്ടുള്ള ഈ വിശദീകരണം വിമർശകനെ തീർത്തും നിശ്ശബ്ദനാക്കി.

''എനിക്ക് ഏറെ ആഗ്രഹങ്ങളൊന്നുമില്ല. തെരുവിൽ അഴുകിവീഴുന്ന കുഷ്ഠരോഗിക്ക് മനോഹരമായ മരണം നല്കാനായാൽ അത്രയുമായി''—മരണത്തിലും മനോഹാരിത ദർശിച്ച അമ്മ ഒരിക്കൽ അഭിപ്രായപ്പെട്ടു. മാതൃത്വത്തിന്റെ സ്നേഹവാഹിനിയായ മദർ നമ്മെ വിട്ടുപിരിഞ്ഞാലും, അവരുടെ ജീവിതം നമുക്കു നല്കിയ സന്ദേശം ചിരകാലം ജീവിക്കും. അതിനു മരണമില്ല.

- ജെ.



സ്നേഹകാരുണ്യങ്ങളുടെ സൂര്യതേജസ്സ്

രണ്ടു വർഷം മുൻപായിരുന്നു മദറിന്റെ ശതാഭിഷേകം; '95 ആഗസ്റ്റ് 27—ന്. അധികമാരുമറിയാതെ ആ ജന്മദിനം കടന്നുപോയി. ലോകമാധ്യമങ്ങളും സുഹൃത്തുക്കളും അപദാനങ്ങൾ വാഴ്ത്തിപ്പാടുമ്പോഴും അമ്മ ആഘോഷങ്ങളിൽ നിന്ന് അകന്നു നിൽക്കുകയായിരുന്നു. ലോകമെമ്പാടുമുള്ള നല്ലമനുഷ്യർ അന്ന് ഉള്ളുരുകി പ്രാർഥിച്ചു, തെരേസാ മദറിന്റെ സേവനം ഇനിയും ദീർഘകാലമനുഭവിക്കാൻ മനുഷ്യരാശിക്ക് ഭാഗ്യമുണ്ടാവണം എന്ന്.

എട്ടു പതിറ്റാണ്ടു കാലത്തെ വിശ്രമമില്ലാത്ത ജീവിതം മദറിനെ തീർത്തും അവശയാക്കിയിരുന്നു. എങ്കിലും അതൊന്നും പുറമേ കാണിക്കാതെ, സ്നേഹകാരുണ്യങ്ങളുടെ സൂര്യതേജസ്സ് പകർന്നുകൊണ്ട് അമ്മ സേവനത്തിന്റെ പാതയിലെ യാത്ര തുടർന്നു.

1982—ലാണ് മദർ തെരേസയ്ക്ക് ആദ്യമായി ഗുരുതരമായ രോഗം പിടിപെടുന്നത്. അന്ന് അവർ റോമിലായിരുന്നു. ഉറക്കത്തിൽ കട്ടിലിൽ നിന്നു തെഴെവീണ മദറിനെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു; ഹൃദ്രോഗബാധയുണ്ടെന്നു കണ്ടെത്തി. ലോകത്തിനു മുഴുവൻ ഉൽകണ്ഠയുണ്ടാക്കിയ ദിനങ്ങളായിരുന്നു അവ. പിന്നീട് 1989—ൽ മദറിന്റെ രോഗം വീണ്ടും മൂർച്ഛിച്ചു. 1993 ൽ തന്റെ 83—ാം ജന്മദിനം ദില്ലിയിലെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇൻറൻസീവ് കെയർ യൂണിറ്റിലാണ് അമ്മ ആഘോഷിച്ചത്.

ഇടയ്ക്കിടെയുണ്ടാവുന്ന രോഗബാധകളൊന്നും മദറിന്റെ സേവനോത്സുകതയെ തളർത്തിയില്ല. '94 ജനവരി ആദ്യപകുതിയിൽ അവർ കേരളത്തിലുമെത്തി. സ്നേഹത്തിന്റെ അലകടലായ തെരേസാ മദറിനെ കാണാൻ കോഴിക്കോട്ടും കണ്ണൂരും കൊച്ചിയിലും തൃശ്ശൂരും പതിനായിരങ്ങളാണ് അന്ന് തിങ്ങിക്കൂടിയത്. തീർത്തും അവശയായിക്കഴിഞ്ഞ അവർ വീണ്ടും സജീവസാന്നിധ്യമാവുന്നത് കേരളീയർക്ക് മുഴുവൻ ആഹ്ലാദം പകർന്നു.

സ്നേഹത്തിന്റെയും സമന്വയത്തിന്റെയും ആൾരൂപമായ മദറിനെച്ചൊല്ലി ചെറിയൊരു വിവാദവും ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് ടെലിവിഷന് വേണ്ടി മദറിനെക്കുറിച്ച് തയ്യാറാക്കപ്പെട്ട 'നരകത്തിലെ മാലാഖ' എന്ന പരിപാടിയാണ് വിവാദമുണർത്തിയത്. ആരാധകവൃന്ദം മുഴുവൻ ക്ഷുഭിതരായപ്പോഴും മദർ നിസ്സംഗയായിരുന്നു. തന്നെ കരിതേച്ചു കാണിക്കുന്നത് വിജയമാണെന്നു കരുതുന്നവർ അങ്ങനെയെങ്കിലും സന്തോഷിച്ചോട്ടെ എന്ന മനോഭാവമായിരുന്നു അവർക്ക്.

സമാധാനത്തിനുള്ള നോബൽ സമ്മാനത്തിനു പുറമെ മറ്റനേകം അന്താരാഷ്ട്ര പുരസ്കാരങ്ങളും മദറിനെ തേടിയെത്തിയിട്ടുണ്ട്. രാജ്യത്തെ പരമോന്നത ബഹുമതിയായ 'ഭാരത രത്നം' നൽകി ഇന്ത്യ മദറിനെ ആദരിച്ചു. മഗ്സാസെ അവാർഡ്, ആദ്യത്തെ അന്താരാഷ്ട്ര പോപ് ജോൺ പ്രൈസ്, ജോസഫ് കെന്നഡി ജൂനിയർ ഫൗണ്ടേഷൻ അവാർഡ്, എലിസബത്ത് രാജ്ഞി നൽകുന്ന ഓർഡർ ഓഫ് മെറിറ്റ്, രാജീവ്ഗാന്ധി സദ്ഭാവനാ അവാർഡ് ഇങ്ങനെ പല രാജ്യങ്ങളിൽ നിന്നായി എത്രയെങ്കിലും ബഹുമതികൾ മദറിനു ലഭിച്ചിട്ടുണ്ട്.

പക്ഷേ, സഹജീവിയിൽ നിന്ന് ലഭിക്കുന്ന സ്നേഹ കാരുണ്യങ്ങളാണ് ഏറ്റവും വിലപിടിച്ച സമ്മാനമായി മദർ കണ്ടിരുന്നത്. അല്ലെങ്കിലും വെറും പുരസ്കാരങ്ങൾ കൊണ്ട് അളക്കാവുന്ന വ്യക്തിത്വമായിരുന്നില്ലല്ലോ മദറിന്റേത്.